**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06-03-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ രണ്ടു ദിവസത്തെ പശ്ചിമ ബംഗാൾ സന്ദർശനത്തിന് നാളെ തുടക്കം.

President Draupadi Murmu's two-day visit to West Bengal begins tomorrow.

2) കയറ്റുമതി കൂടി ലക്ഷ്യമിട്ടാകണം രാജ്യത്തെ കാർഷികോൽപാദനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

The country's agricultural production should also be targeted for export: Prime Minister Narendra Modi.

3) ഇറാനെതിരെ ആക്രമണം തുടർന്ന് അമേരിക്കയും ഇസ്രയേലും. തിരിച്ചടി ശക്തമാക്കി ഇറാനും

America and Israel follow up on the attack on Iran. Iran also intensified its retaliation.

4) ഏറ്റവും മികച്ച തിരഞ്ഞെടുപ്പിന് കേരളം സാക്ഷ്യം വഹിക്കുമെന്ന് മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ.

Kerala will witness the best election ever, Chief Election Commissioner Gyanesh Kumar says.

5) 2025-ലെ സിവിൽ സർവീസസ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു. കേരളത്തിൽ നിന്നുള്ള ശ്രുതിക്ക് 18-ാം റാങ്ക്.

2025 Civil Services Exam Results declared. Shruti from Kerala ranks 18th.

6) രണ്ട് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ലക്ഷദ്വീപിലെത്തി.

Union Minister Jitendra Singh arrives in Lakshadweep for a two-day visit.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## PREZ WB VISIT

രാഷ്ട്രപതി ദ്രൗപതി മുർമു നാളെയും മറ്റന്നാളും പശ്ചിമ ബംഗാൾ സന്ദർശിക്കും. വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ഡാർജിലിംഗ് ഹിൽ ഫെസ്റ്റിവൽ നാളെ രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. ഡാർജിലിംഗിലെ ലോക് ഭവനിൽ 'റൂട്ട്സ് & റിഥംസ്' എന്ന പ്രദർശനത്തിൻറെ ഉദ്ഘാടനവും ശ്രീമതി മുർമു നിർവഹിക്കും. ഖരഗ് പൂർ IITയിൽ വനിതാ നേതൃത്വത്തെയും ശാക്തീകരണത്തെയും കുറിച്ചുള്ള പ്ലാറ്റിനം ജൂബിലി ഫ്ലാഗ്ഷിപ്പ് പരിപാടിയും രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. മറ്റന്നാൾ 9-ാമത് അന്താരാഷ്ട്ര സന്താൽ സമ്മേളനത്തിലും രാഷ്ട്രപതി പങ്കെടുക്കും.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## PM WEBINAR

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെയും രാജ്യത്തിന്റെ ദീർഘകാല വികസന യാത്രയുടെയും സുപ്രധാന ഘടകമാണ് കാർഷികമേഖലയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കൃഷിയും ഗ്രാമീണ പരിവർത്തനവും" എന്ന വിഷയത്തിൽ നടന്ന മൂന്നാമത്തെ ബജറ്റ് വെബിനാറിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 'പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി', മിനിമം താങ്ങു വില പരിഷ്കാരങ്ങൾ തുടങ്ങിയ നിരവധി പരിപാടികൾ കാർഷിക മേഖലയെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ആഗോള തലത്തിലെ ആവശ്യകത കണക്കിലെടുത്തുള്ള കയറ്റുമതി കൂടി ലക്ഷ്യമിട്ടാകണം രാജ്യത്തെ കാർഷികോൽപാദനമെന്നും പ്രധാനമന്ത്രി പറഞ്ഞു.

## DAY. WEST ASIA CONFLICT (ROUND UP)-INTRO

പശ്ചിമേഷ്യയിൽ ഇറാനും -ഇസ്രയേൽ-യു.എസ് സഖ്യവും തമ്മിലുള്ള സംഘർഷം ഏഴാം ദിവസവും അതിരൂക്ഷമായി തുടരുന്നു. ഇറാനെതിരെ അമേരിക്കയും ഇസ്രയേലും സംയുക്ത വ്യോമാക്രമണം തുടരുമ്പോൾ, മിസൈലുകളും ഡ്രോണുകളും ഉപയോഗിച്ച് ഇറാനും തിരിച്ചടി ശക്തമാക്കി. ഇതുവരെ ഇറാനിൽ 1,200-ഓളം പേർ കൊല്ലപ്പെട്ടതായാണ് ഔദ്യോഗിക കണക്കുകൾ. കീഴടങ്ങണമെന്ന യുഎസ് ആവശ്യം തള്ളിയ ഇറാൻ, യുദ്ധത്തിനായി തയ്യാറാണെന്നും വ്യക്തമാക്കി.
(വിശദാംശങ്ങളിലേക്ക്)

ലെബനനിലെ ഹിസ്ബുള്ള കേന്ദ്രങ്ങൾക്ക് നേരെയും ഇസ്രയേൽ ആക്രമണം തുടരുകയാണ്. ഹിസ്ബുള്ളയുടെ ബെയ്റൂട്ടിലെ ആസ്ഥാനം തകർത്തു. ഹിസ്ബുള്ള കമാൻഡർ സെയ്ദ് അലി ജുമയെ വധിച്ചതായി ഇസ്രായേൽ വ്യക്തമാക്കി. ബെയ്റൂത്തിന്റെ പ്രാന്തപ്രദേശമായ ദഹിയയിൽ 120-ലധികം പേർ കൊല്ലപ്പെടുകയും പതിനായിരങ്ങൾ പലായനം ചെയ്യുകയും ചെയ്ത തായി ലബനനും അറിയിച്ചു. ഗൾഫ് രാജ്യങ്ങളിലെ അമേരിക്കൻ സേനാ കേന്ദ്രങ്ങൾക്ക് നേർക്കാണ് ഇറാൻ ആക്രമണം നടത്തുന്നത്. പശ്ചിമേഷ്യ യിലെ ഏറ്റവും വലിയ അമേരിക്കൻ സൈനിക താവളമായ ഖത്തറിലെ ദോഹ അൽ-ഉദൈദ് വ്യോമതാവളത്തിനും ബഹറൈനിലെ മനാമക്ക് നേരെയും ഉണ്ടായ ഇറാൻ ആക്രമണത്തെ പ്രതിരോധിച്ചതായി ഇരു രാജ്യങ്ങളും അറിയിച്ചു. ഇറാൻ ഡ്രോണുകൾ അയച്ചതായി ആരോപിച്ച് അസർബൈജാൻ വ്യോമപാത താത്കാലികമായി അടച്ചു. എന്നാൽ ഇറാൻ ഈ ആരോപണം നിഷേധിച്ചു.

ന്യൂസ് ഡസ്ക് ആകാശവാണി....

## INDIAN EMBASSY QATAR

ഖത്തറിലെ സുരക്ഷാ സാഹചര്യം കണക്കിലെടുത്തു ഇന്ത്യക്കാർ ജാഗ്രത പാലിക്കണമെന്ന് ദോഹയിലെ ഇന്ത്യൻ എംബസി. അത്യാവശ്യത്തിനല്ലാതെ യാത്രകൾ പാടില്ലെന്നും  അടിയന്തര സാഹചര്യങ്ങളിൽ സൗദി അറേബ്യ വഴിയുള്ള കരമാർഗ്ഗം ഉപയോഗിക്കാമെന്നും എംബസി അറിയിച്ചു.

## VP - NAGALAND

ദേശീയ സേവനത്തിൽ സജീവമായി പങ്കെടുക്കാനും രാഷ്ട്രനിർമ്മാണ ത്തിൽ സംഭാവന നൽകാനും നാഗാലാൻഡിലെ യുവാക്കളോട് ആഹ്വാനം ചെയ്ത് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. നാഗാലാൻഡ് സർവ്വകലാശാല യുടെ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വൈവിധ്യം വലുതാണെങ്കിലും ഇന്ത്യയുടെ ശക്തി ഐക്യമാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു. നാഗാലാൻഡ്, മിസോറാം, ത്രിപുര എന്നീ വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ സന്ദർശിക്കുന്ന ഉപരാഷ്ട്രപതി നാളെ മിസോറാ മിലേക്ക് പോകും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## RAJNATH SINGH - KOLKATA (INTRO)

ലോകം അനിശ്ചിതത്വം നേരിടുന്ന കാലഘട്ടത്തിൽ അതിജീവിക്കാനുള്ള ഏക മാർഗം സ്വാശ്രയത്വമാണെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. കൊൽക്കത്തയിൽ നടന്ന പ്രതിരോധ, സമുദ്ര സംവാദമായ സാഗർ സങ്കൽപ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ELECTION COMMISSION KERALA

ഏറ്റവും മികച്ച തിരഞ്ഞെടുപ്പിന് കേരളം സാക്ഷ്യം വഹിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. സംസ്ഥാനത്തെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ലോകത്തിന് തന്നെ മാതൃകയായിരിക്കുമെന്നും എറണാകുളം ഗോശ്രീ പാലത്തിൽ സംഘടിപ്പിച്ച ബോധവത്കരണ പരിപാടിയിൽ യുവ വോട്ടർമാരുമായി സംവദിക്കവെ അദ്ദേഹം പറഞ്ഞു. നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായ ഒരുക്കങ്ങൾ വിലയിരുത്താ നാണ് അദ്ദേഹം ഇന്നലെ കേരളത്തിൽ എത്തിയത്. തിരഞ്ഞെടുപ്പിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി കന്നി വോട്ടർമാർക്ക് അദ്ദേഹം വോട്ടർ ഐ.ഡി കൈമാറുകയും സത്യപ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു. വിവിധ കോളേജുകളിൽ നിന്നായി മുന്നൂറോളം വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## UPSC - RESULTS

2025-ലെ സിവിൽ സർവീസസ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു , രാജസ്ഥാൻ സ്വദേശി അനുജ് അഗ്നിഹോത്രിക്ക് ആണ് ഒന്നാം റാങ്ക്, തമിഴ് നാട് സ്വദേശി രാജേശ്വരി സുവേ ക്കാണ് രണ്ടാം റാങ്ക്. കേരളത്തിൽ നിന്നു ആർ. ശ്രുതി 18-ാം റാങ്കും, ജെഎസ് ശ്രീജ 57-ാം റാങ്കും ബി. ഗോപിക 105 -ാം റാങ്കും സ്വന്തമാക്കി. കാഴ്ചാപരിമിതിയുള്ള കോഴിക്കോട് സ്വദേശി അജയ് ആർ രാജ് 109-ാം റാങ്ക് നേടി. ആകെ 958 പേരാണ് റാങ്ക് പട്ടികയിൽ ഇടം നേടിയത്.

## GOYAL - HIGHER EDUCATION

ഇന്ത്യയുടെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തെ ആഗോള നിലവാര ത്തിലേക്ക് മാറ്റാനും കൂടുതൽ വിദേശ വിദ്യാർത്ഥികളെ ആകർഷിക്കാനും വേണ്ട പ്രവർത്തനങ്ങൾക്ക് മുൻഗണന നല്ണകണമെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടന്ന വൈസ് ചാൻസലർമാരുടെ കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സർവകലാശാലകളിലെ പാഠ്യപദ്ധതികൾ നവീകരിക്കാനും നിർമിത ബുദ്ധി, ക്വാണ്ടം കമ്പ്യൂട്ടിംഗ്, മെഷീൻ ലേണിംഗ് തുടങ്ങിയ സാങ്കേതികവിദ്യകളുടെ ഉപയോഗം ഊര്ജിതമാക്കാനും അദ്ദേഹം ആവശ്യപ്പെട്ടു.

## AMIT SHAH ODISHA VISIT (INTRO)

CISF ഇല്ലാതെ ഇന്ത്യയുടെ വ്യാവസായിക വികസനം അസാധ്യമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഒഡീഷയിലെ മുണ്ടുലിയിൽ CISF ൻറെ 57-ാമത് സ്ഥാപക ദിനാഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.
(ഹോൾഡ് വോയിസ്)

## JITENDRA SINGH - LAKSHADWEEP

രണ്ട് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ലക്ഷദ്വീപിലെത്തി, അഗത്തി വിമാനത്താവളത്തിലെത്തിയ അദ്ദേഹത്തെ കളക്ടർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ ചേർന്ന് സ്വീകരിച്ചു. നിർമ്മാണ

ത്തിലിരിക്കുന്ന OTEC ഡീസലൈനേഷൻ പ്ലാന്റും പ്രവർത്തനക്ഷമമായ NIOT പ്ലാന്റും അദ്ദേഹം സന്ദർശിക്കും. തുടർന്ന് ഉന്നത ഉദ്യോഗസ്ഥരുമായി അദ്ദേഹം ചർച്ച നടത്തുകയും ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## POLAND-RAISINA DIALOGUE

ന്യൂഡൽഹിയിൽ നടക്കുന്ന റെയ്സിന ഡയലോഗിൻറെ ഭാഗമായി സംഘടിപ്പിച്ച ഇന്ത്യ പോളണ്ട് ഡയലോഗ് വിദേശകാര്യ മന്ത്രാലയ സെക്രട്ടറി സിബി ജോർജ് ഉദ്ഘാടനം ചെയ്തു. വ്യാപാരം, നിക്ഷേപം തുടങ്ങി പ്രതിരോധം, സുരക്ഷ, വരെ വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള 2024-2028 കർമ്മ പദ്ധതി സജീവമായി മുന്നോട്ട് പോകുന്നതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ക്രൊയേഷ്യൻ അംബാസഡറുമായും ശ്രീ.സിബി ജോർജ് കൂടിക്കാഴ്ച നടത്തി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## GIRIRAJ SINGH IN KOLKATA

ചണത്തിൽ നിന്ന് വസ്ത്രങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു വരികയാണെന്ന് കേന്ദ്ര മന്ത്രി ഗിരിരാജ് സിംഗ്. കൊൽക്കത്തയിൽ ഒരു പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ചണ വ്യവസായത്തിൻറെ കേന്ദ്രമായി പശ്ചിമ ബംഗാളിനെ തിരഞ്ഞെടുത്തതായും, കർഷകരുടെയും നെയ്ത്തുകാരുടെയും വരുമാനം വർധിപ്പിക്കാനായി പരിശീലന പരിപാടികൾ നടപ്പിലാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## KERALA SIR

കേരളത്തിൽ, ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്പ് വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് പേര് ചേർക്കാൻ അവസരമുള്ളത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## RAJYA SABHA SCRUTINY

രാജ്യത്തെ 10 സംസ്ഥാനങ്ങളിൽ ഒഴിവ് വന്ന 37 രാജ്യസഭാ സീറ്റുകളിലേക്ക് നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന അവസാനിച്ചു. ഈ മാസം 9 ആണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. മാർച്ച് 16-ന് നടക്കുന്ന തെരഞ്ഞെടുപ്പിൻറെ ഫലപ്രഖ്യാപനവും അന്നേ ദിവസം തന്നെ ഉണ്ടാവും.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## TRAIN SERVICE - PALAKKAD POLLACHI

കേരളത്തിലെ പാലക്കാടിനും തമിഴ്നാട്ടിലെ പൊള്ളാച്ചിക്കും ഇടയിൽ മെമു ട്രെയിൻ സർവീസിന് റെയിൽവേ മന്ത്രാലയം അംഗീകാരം നൽകി. മെമു സർവീസ് പൊതുജനങ്ങളുടെ സൗകര്യം വർദ്ധിപ്പിക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി സമൂഹമാധ്യമത്തിൽ കുറിച്ചു. മെമു സർവീസിന് അംഗീകാരം നൽകിയതിന് അദ്ദേഹം മന്ത്രി അശ്വിനി വൈഷ്ണവിന് നന്ദി അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸